**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തലശ്ശേരി നഗരസഭാ പരിധിയിലുള്ള തലശ്ശേരി പെൻഷൻ പേയ്മെന്റ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭയുടെ കൈവശമുള്ള 10.7 സെന്റ് പുറമ്പോക്ക് സ്ഥലം ട്രഷറി വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിന് കൈമാറുന്നതിന് തലശ്ശേരി നഗരസഭയ്ക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.128/2022/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 20-06-2022

---

പരാമർശം :- 1) തലശ്ശേരി നഗരസഭാ കൗൺസിലിന്റെ 05/08/2010-ലെ 14-ാം നമ്പർ തീരുമാനം.

2) 16/07/2017- ലെ GO(Rt.) 5721/2017/Fin നമ്പർ ഉത്തരവ്

3) നഗരകാര്യ ഡയറക്ടറുടെ 28/03/2019 ലെ G3 11545/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലശ്ശേരി നഗരസഭാ പരിധിയിലുള്ള തലശ്ശേരി പെൻഷൻ പേയ്മെന്റ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭയുടെ കൈവശമുള്ള തലശ്ശേരി അംശം വാടിക്കകം ദേശത്ത് വാർഡ് 5 ബ്ലോക്ക് 7-ൽ സർവ്വേ നമ്പർ ടി എസ് 112 -ൽ ഉൾപ്പെട്ട 15.7 സെന്റ് സ്ഥലത്ത് നിന്നും 10.7 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിന് കൈമാറുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമെടുക്കുകയും, പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി ലഭിക്കുകയും, സ്ഥലം കൈമാറുന്നതിന് അനുമതിയ്ക്കായി പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടം (1)-ാം ഉപചട്ടപ്രകാരം തലശ്ശേരി നഗരസഭാ പരിധിയിലുള്ള തലശ്ശേരി പെൻഷൻ പേയ്മെന്റ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭയുടെ കൈവശമുള്ള തലശ്ശേരി അംശം വാടിക്കകം ദേശത്ത് വാർഡ് 5 ബ്ലോക്ക് 7-ൽ സർവ്വേ നമ്പർ ടി എസ് 112 -ൽ ഉൾപ്പെട്ട 15.7 സെന്റ് സ്ഥലത്ത് നിന്നും 10.7 സെന്റ് പുറമ്പോക്ക് സ്ഥലം ട്രഷറി വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിന് കൈമാറുന്നതിന് തലശ്ശേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവൻ എ.പി**

**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തലശ്ശേരി നഗരസഭ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
നിയമവകുപ്പ് (ലെഗ്. സി1/16/2022/നിയമം)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ആർ.സി1/136/2019/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ